## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1810** **04.05.2017-ൽ മറുപടിയ്ക്ക്**

**ലോട്ടറിയെ ചരക്കുസേവന നികുതിയിൽ നിന്നും ഒഴിവാക്കാനുള്ള നടപടി**

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ. കെ.എം.ഷാജി<br>ശ്രീ. സി.മമ്മൂട്ടി<br>ശ്രീ. പി.കെ.ബഷീർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന ലോട്ടറിയെ ചരക്കുസേവന നികുതിയിൽ നിന്നും ഒഴിവാക്കിക്കിട്ടാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നും ഫലം എന്തായി എന്നും വിശദമാക്കുമോ; | (എ) | "Kerala Tax on Paper Lotteries 2005", GST നിലവിൽ വരുമ്പോൾ അപ്രസക്തമാകും. ഈ പ്രതിസന്ധി മറികടക്കുന്നതിന് പുതിയ നിയമ സാധ്യതകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2016-17-ലെ ലോട്ടറി വിറ്റുവരവ് 7395 കോടി രൂപയാണ്. ആയതുമായി ബന്ധപ്പെട്ട Service Tax കണക്കാക്കുന്നത് Compounding Tax System ത്തിലാണ്. GST നിലവിൽ വരുമ്പോൾ Tax System ത്തിലുണ്ടാകുന്ന മാറ്റങ്ങൾ നിയമം നടപ്പിലായതിനു ശേഷം മാത്രമേ വ്യക്തമാവുകയുള്ളൂ. ജി.എസ്.ടി നടപ്പിലാകുന്ന സാഹചര്യത്തിൽ ഭാഗ്യക്കുറി മേഖലയിൽ ഉളവാകുന്ന സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനായി കേന്ദ്ര ധനമന്ത്രിയെ സംസ്ഥാന ധനമന്ത്രി നേരിൽ കണ്ട് ചർച്ച നടത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാന സർക്കാർ ലോട്ടറി മാത്രമാണ് സംസ്ഥാനത്ത് വില്പന നടത്തുന്നതെന്നും, ലാഭം മുഴുവൻ കാരുണ്യ പദ്ധതി പോലുള്ള ക്ഷേമ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്നും, കേന്ദ്രത്തെ ബോധ്യപ്പെടുത്താനായോ; ഇല്ലെങ്കിൽ പുതിയ നിയമപ്രകാരം സംസ്ഥാനത്തിനുണ്ടാകാവുന്ന വരുമാനനഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; | (ബി) | കേരള സർക്കാർ ലോട്ടറി മാത്രമാണ് നിലവിൽ സംസ്ഥാനത്തിനകത്ത് വിൽപ്പന നടത്തുന്നതെന്നും അന്യസംസ്ഥാന ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട നിയമവിരുദ്ധ പ്രവർത്തനങ്ങളും ക്രമക്കേടുകളും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സിക്കിം, ഭൂട്ടാൻ ലോട്ടറികൾ സംസ്ഥാനത്തിനകത്ത് വിൽപ്പന നടത്തുന്നത് കേന്ദ്ര സർക്കാർ നിരോധിച്ചിട്ടുണ്ട്. ജി.എസ്.റ്റി. നിയമം നിലവിൽ വന്നതിനുശേഷം മാത്രമേ വരുമാന നഷ്ടം സംഭവിക്കുമോ എന്ന കാര്യത്തിൽ വ്യക്തത ഉണ്ടാവുകയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | ചരക്കുസേവന നികുതി നിയമം നടപ്പാക്കുമ്പോൾ അന്യ സംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വീണ്ടും സജീവമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (സി) | ചരക്കു സേവന നികുതി നിയമം ലോട്ടറി മേഖലയിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ സർക്കാരിന്റെ ഗൗരവമായ പരിഗണനയിലുണ്ട്. |

**സെക്ഷൻ ഓഫീസർ.**